മാതൃഭൂമി

03 November 2017

# പൊക്കാളി ബ്രാൻഡിൽ മീനും അരിയും

## കമ്പനിയായി; ആറു മാസത്തിനകം വിപണിയിൽ

കൊച്ചി: പൊക്കാളി ബ്രാൻഡിൽ മീനും അരിയും ആറു മാസത്തിനകം വിപണിയിലെത്തും. കൃഷി വിജ്ഞാൻ കേന്ദ്രയുടെ നേതൃത്വത്തിലാണ് ഇതിനുള്ള ശ്രമം. വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനത്തിനും വിപണനത്തിനുമായി പൊക്കാളി കർഷക ഉത്പാദക കമ്പനി രൂപവത്കരിച്ചിട്ടുണ്ട്.

പൊക്കാളി ബ്രാൻഡിൽ മീനും അരിയും ലഭ്യമാക്കുന്നതിനൊപ്പം മത്സ്യക്കുഞ്ഞുങ്ങളുടെയും ജൈവ വളത്തിന്റെയും ഉത്പാദനത്തിനും പദ്ധതിയുണ്ട്. പൊക്കാളി മീനിന്റെ വിൽപ്പനയ്ക്കായി സ്ഥിരം സംവിധാനമുണ്ടാകും. അരിയിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങളും ലക്ഷ്യമിടുന്നു. അരിമാവ്, പുട്ടുപൊടി എന്നിവയ്ക്കാണ് നീക്കം.

കേരളത്തിന്റെ തനത് പൊക്കാളിക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി നേടിയെടുക്കുകയാണ് ലക്ഷ്യമെന്ന് കൃഷി വിജ്ഞാൻ കേന്ദ്ര മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു. മീനിന്റെയും അരിയുടെയും വിപണനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു.

ജൈവമാണെന്നതാണ് പൊക്കാളിയുടെ പ്രത്യേകത. ഗുണവും ഏറെയാണ്. മികച്ച രീതിയിൽ വിപണിയിൽ അവതരിപ്പിക്കാനായാൽ പൊക്കാളി ബ്രാൻഡ് അരിക്ക് കിലോയ്ക്ക് 200 രൂപ വരെ ലഭിക്കുമെന്നാണ് വിലയിരുത്തൽ. പൊക്കാളി കരിമീനിന് കിലോയ്ക്ക് 1,000 രൂപയ്ക്ക് വരെ ആവശ്യക്കാരുണ്ടെന്നും ഷിനോജ് പറഞ്ഞു.

കേരളത്തിൽ എറണാകുളത്താണ് പൊക്കാളി കൃഷി ഏറെയുണ്ടായിരുന്നതെന്നാണ് കണക്ക്. 30 വർഷം മുൻപ് ജില്ലയിൽ 25,000 ഹെക്ടറിലായിരുന്നു കൃഷി. ഇത് പിന്നീട് 1,000 ഹെക്ടറായി ചുരുങ്ങി. നിലവിൽ ഏകദേശം 300 ഹെക്ടറിലാണ് കൃഷിയുള്ളത്. ജൂൺ മുതൽ ഓഗസ്റ്റ് വരെയാണ് പൊക്കാളിപ്പാടങ്ങളിൽ നെല്ല് കൃഷി ചെയ്യുന്നത്. ഇതു ചിലയിടങ്ങളിൽ സെപ്റ്റംബർ വരെ നീണ്ടുപോകും. നവംബർ മുതൽ മാർച്ച് വരെ മത്സ്യകൃഷിക്കായി ഈ പാടം ഉപയോഗിക്കും. ചെമ്മീനാണ് സാധാരണയായി കൃഷി ചെയ്തിരുന്നത്. നെല്ലിന്റെ അവശിഷ്ടങ്ങൾ പാടത്ത് ശേഷിക്കുന്നതിനാൽ ചെമ്മീൻ നന്നായി വളരും.

നെല്ലും മീനും ഇടവിട്ട് കൃഷി ചെയ്യുന്നതിനാൽ രാസവളങ്ങൾ ചേർക്കാനാകില്ല. കൃഷിക്ക് രാസവളം ഉപയോഗിച്ചാൽ മത്സ്യങ്ങൾ ചത്തൊടുങ്ങും. ചെമ്മീനൊപ്പം കരിമീൻ, തിരുത, കാളാഞ്ചി എന്നിവയും പൊക്കാളിപ്പാടത്ത് കൃഷി ചെയ്യാം. മീനുകൾക്കായി കൂടുകൃഷി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കൃഷി വിജ്ഞാൻ കേന്ദ്രയുടെ നേതൃത്വത്തിൽ പൊക്കാളിയെന്ന ബ്രാൻഡ് രജിസ്റ്റർ ചെയ്തിട്ട് നാളേറെയായി. എന്നാൽ ഈ ബ്രാൻഡിൽ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിന്റെ പശ്ചാത്തലത്തിലാണ് പൊക്കാളി കർഷക ഉത്പാദക കമ്പനി രൂപവത്കരിച്ച് നടപടികൾ വേഗത്തിലാക്കുന്നത്.
100 കർഷകരാണ് കമ്പനിയിലുള്ളത്. ഇത് വിപുലീകരിക്കും.